"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം - കവടിയാർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 405/2008 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക 4217-60-800-93 (Plan) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1053/2025/LSGD** **തീയതി, തിരുവനന്തപുരം, 26-04-2025**

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 405/2008 നമ്പർ കേസിന്മേലുള്ള 18/03/2009 തീയതിയിലെ വിധിന്യായം.
2. സ.ഉ.(പി) നം.32/2019/ധന, തീയതി, 18/03/2019.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 25/02/2025 തീയതിയിലെ DCTVM/2901/2025-K18 നമ്പർ കത്ത്.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 11/03/2025-ലെ എ3/2072/2008/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - കവടിയാർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 405/2008 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 2,26,494/- രൂപ (രണ്ട് ലക്ഷത്തി ഇരുപത്തിയാറായിരത്തി നാന്നൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - കവടിയാർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജിൽ സർവ്വേ നം. 3060/5-1-ൽപ്പെട്ടതും ശ്രീ. കെ. സനൽകുമാരൻ നായരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.38 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 405/2008 നമ്പർ കേസിന്റെ 31/07/2025 വരെയുള്ള ബാലൻസ് വിധിക്കടത്തുകയായ 2,26,494/- രൂപ (രണ്ട് ലക്ഷത്തി ഇരുപത്തിയാറായിരത്തി നാന്നൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. കെ. സനൽകുമാരൻ നായർക്ക്

(റ്റി.സി.നം. 4/2283, കരുങ്ങന്നൂർ മുറി, കവടിയാർ പി.ഒ., തിരുവനന്തപുരം - 695 003) '4217-60-800-93 Payment of Compensation in LAR cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിസ്സാം എസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. കെ. സനൽകുമാരൻ നായർ, റ്റി.സി.നം. 4/2283, കരുങ്ങന്നൂർ മുറി, കവടിയാർ പി.ഒ., തിരുവനന്തപുരം - 695 003 (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/102/2025/ത.സ്വ.ഭ.വ.

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 26-04-2025 16:26:44

സെക്ഷൻ ഓഫീസർ